16/1/23



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1530(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 13467/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ജനുവരി 12**

ശ്രീ. പി.ശശി,
ഗുരുക്രിപ,
പോസ്റ്റ് ഓഫീസ് ജംഗ്ഷൻ,
പാറശ്ശാല പി.ഒ., തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സബ് രജിസ്ട്രാർ,
സബ് രജിസ്ട്രാർ ഓഫീസ്,
പാറശ്ശാല പി.ഒ., തിരുവനന്തപുരം.

2) അപ്പീൽ അധികാരി &
ജില്ലാ രജിസ്ട്രാർ (ജനറൽ),
ജില്ലാ രജിസ്ട്രാർ(ജനറൽ) ആഫീസ്,
തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 04/06/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/06/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 08/07/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/08/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 27/08/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30/08/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/09/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27/10/2022 |
| ഹിയറിംഗ് നടന്ന തീയതി | 11/01/2023 - ആഡിയോ/വീഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. പി.ശശി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ഏതാനും വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷയിലെ പല ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി ലഭ്യമായില്ല എന്നാണ്. ആയതിനാൽ വിവരാവകാശ അപേക്ഷയിലെ ഓരോ

ചോദ്യങ്ങൾക്കും വ്യക്തവും സ്വാതന്ത്ര്യവും യുക്തിഭദ്രവുമായ മറുപടി നൽകുന്നതിന് എസ്.പി.ഐ.ഒ.ക്ക് വേണ്ട നിർദ്ദേശം നൽകണമെന്നും ബോധപൂർവ്വം യഥാർത്ഥ വിവരങ്ങൾ മൂടി വയ്ക്കാൻ ശ്രമിച്ച എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20–ാം വകുപ്പു പ്രകാരം ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ 04.06.2022 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. പാറശ്ശാല സബ് രജിസ്ട്രാർ ഓഫീസ് രേഖകൾ പ്രകാരം പാറശ്ശാല വില്ലേജിലെ ബ്ലോക്ക് നം.50–ൽ റീസർവ്വെ 323/10–1–ൽപ്പെട്ട 10 സെന്റ് വസ്തുവിന്റെയും മൂന്ന് നില വീടിന്റെയും 7.6.2018–ലെ ഉടമ ആരായിരുന്നു എന്നും

ii. ഏത് ആധാര പ്രകാരമാണ് മേൽ വസ്തുക്കളിൽ ഉടമസ്ഥാവകാശം ഉള്ളതായി കാണുന്നത് എന്നും

iii. മേൽ 10 സെന്റ് വസ്തുവും, 3 നില വീടും ആർക്കെങ്കിലും വിൽപ്പന നടത്തിയതായി സബ് രജിസ്ട്രാർ ഓഫീസിന്റെ രേഖകൾ കൊണ്ട് കാണാൻ കഴിയുമോ എന്നും

iv. സബ് രജിസ്ട്രാർ ഓഫീസിലെ രേഖകൾ പ്രകാരം മേൽ വസ്തുക്കളുടെ ഉടമസ്ഥാവകാശം ഇപ്പോൾ ആരുടെ പേരിലാണെന്നും മറ്റുമായി 28 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 24.06.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 08.7.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ 12.8.2022 തീയതി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ശ്രീ. പി.ശശി സമർപ്പിച്ച അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ 1 മുതൽ 4 വരെയും 11, 12, 16, 26 എന്നീ ചോദ്യങ്ങൾക്ക് ഉത്തരം നൽകാതെ എസ്.പി.ഐ.ഒ. ഒഴിഞ്ഞുമാറിയിരിക്കുന്നതായും ടിയാൻ 1 മുതൽ 4 വരെ ചോദ്യങ്ങളിലൂടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടില്ലായെന്നും ടിയാന്റെ ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. കൂടാതെ 5, 6, 7, 8, 9, 10, 15, 17, 18, 19, 20, 21, 23, 24 എന്നീ ചോദ്യങ്ങൾക്കു കൃത്യമായ ഉത്തരം നൽകാതെ ഒഴിഞ്ഞുമാറിയിരിക്കുന്നുവെന്നും, ടി വിവരങ്ങൾ ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന ന്യായമാണ് പറഞ്ഞിരിക്കുന്നുവെന്നും ടി വിവരങ്ങൾ ക്രോഡീകരിച്ച രീതിയിൽ ഒരിടത്തും കാണാറില്ലാത്തതാണെന്നും തികഞ്ഞ നിരുത്തരവാദപരമായ മറുപടിയാണ് എസ്.പി.ഐ.ഒ. തന്നിരിക്കുന്നതെന്നും

വ്യക്തമാക്കിയിരിക്കുന്നു. അപ്പീൽ അപേക്ഷയും ബന്ധപ്പെട്ട രേഖകളും സബ് രജിസ്ട്രാർ സമർപ്പിച്ച വിശദീകരണവും പരിശോധിച്ചു. വിവരാവകാശ നിയമം 2(എഫ്) (ജെ) വകുപ്പ് പ്രകാരം ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭിക്കുക എന്നതാണ് വിവരാവകാശ നിയമപ്രകാരം പ്രദാനം ചെയ്യുന്നത്. വിവരാവകാശമെന്നാൽ ഏതെങ്കിലും പൊതു അധികാര സ്ഥാനത്തിന്റെ സൂക്ഷിപ്പിലുള്ളതും/നിയന്ത്രണത്തിൻ കീഴിലുള്ളതും ടി ആക്ട് അപ്രകാരം പ്രാപ്യമായിട്ടുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുക എന്നതാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ആഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലായിരുന്നിട്ടും ചോദ്യരൂപത്തിൽ വിവരം ആരാഞ്ഞുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടും എസ്.പി.ഐ.ഒ. ആയ പാറശ്ശാല സബ് രജിസ്ട്രാർ കക്ഷിക്ക് മറുപടി നൽകിയത് വിവരാവകാശ നിയമത്തിന്റെ അന്ത:സത്ത പൂർണ്ണമായും ഉൾക്കൊണ്ടുതന്നെയാണെന്ന് വ്യക്തമാകുന്നു. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയിട്ടുള്ള മറുപടി യഥാവിധിയാണെന്ന് കാണുന്നതിനാൽ ഹർജിക്കാരന്റെ അപ്പീൽ ഹർജി തള്ളി ഉത്തരവായിട്ടുള്ളതുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 17.10.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.പി.ശശി 04.06.2022-ന് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ രേഖപ്പെടുത്തിയിരുന്നത് കുറച്ച് സങ്കീർണമായ ചോദ്യങ്ങൾ ആയിരുന്നു. എന്നിരുന്നാലും അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് വിവരാവകാശ നിയമത്തിന്റെ അന്തസ:ത്ത പൂർണമായും ഉൾക്കാണ്ടുകൊണ്ടും സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട് 24.6.2022 പ്രകാരം മറുപടി നൽകിയിരുന്നു. ശ്രീ.പി.ശശി ഇതിനു മുൻപും ടി അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് 17.8.2020, 24.09.2020, 24.12.2020, 9.1.2021, 23.1.2021 തീയതികളിലായി സമർപ്പിച്ച അപേക്ഷകൾക്കും ടി ഓഫീസിൽ ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. വിവരാവകാശ സംബന്ധമായ ചോദ്യങ്ങൾ എല്ലാം ബന്ധപ്പെട്ടിരിക്കുന്നത് പാറശ്ശാല സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 733/2018 എന്ന ആധാരവുമായി ബന്ധപ്പെട്ടുള്ളതാണെന്നും മേൽ ആധാരത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യത്തിലെ അപേക്ഷകനായ ശ്രീ. ശശി തന്റെ 4.05 ആർ വസ്തുവും വീടും ഇൻഡ്യൻ ബാങ്ക് പാറശ്ശാല ബ്രാഞ്ചിൽ പണയം വച്ച് ലോൺ എടുക്കുന്നു എന്നും ആയത് തിരിച്ചടവ് മുടങ്ങിയതു കാരണം ബാങ്ക് SARFAESI ACT 2002 പ്രകാരം Indian Bank കൈവശം എടുക്കുകയും അതിനെ തുടർന്ന് e-action മുഖാന്തിരം ശ്രീ. എച്ച്.ഡി സുബാഷ് എന്നയാൾക്ക് 733/2018 നമ്പർ വിലയാധാരപ്രകാരം കൈമാറി. മേൽപ്പടി വിലയാധാരം റദ്ദ്

ചെയ്യണമെന്നുള്ളതാണ് അപേക്ഷകന്റെ ആവശ്യം. ആയതിനുവേണ്ടി ബഹു. നീതിന്യായ കോടതിയെ സമീപിക്കാൻ അപേക്ഷകനോട് നേരിട്ട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിക്കുകയും എതിർകക്ഷിയേയും, ഹർജിക്കാരനേയും വീഡിയോ കോൺഫറൻസ്/നേരിട്ട് കേൾക്കുകയും ചെയ്തു. എന്നാൽ ഹർജിക്കാരനും ടിയാളുടെ അഭിഭാഷകനും നേരിട്ട് കാണണമെന്ന് ബഹു. മുഖ്യ വിവരാവകാശ കമ്മീഷണറുടെ ആഫീസിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിട്ടു കേൾക്കുകയുണ്ടായി. ഹർജിക്കാരന്റെ വസ്തു നഷ്ടപ്പെട്ടതിനാൽ ടിയാന് ആയത് വീണ്ടെടുക്കുന്നതിനുള്ള തുടർനടപടിക്ക് നിർണ്ണായകമായ വിവരങ്ങൾ ആവശ്യമുള്ളതിനാൽ ടിയാൻ ആവശ്യപ്പെട്ട ടി വിവരങ്ങൾ/രേഖകൾ എതിർകക്ഷിയുടെ ഓഫീസിൽ നിന്നോ, വെബ്സൈറ്റിൽ നിന്നോ ലഭ്യമാക്കി 30.1.2023-നകം പരാതിക്കാരന് നൽകാൻ കമ്മീഷൻ നിർദ്ദേശിക്കുന്നു. അതേസമയം ഒന്നാം എതിർകക്ഷി വിവരങ്ങൾ നൽകുന്നതിൽ നിന്നും ഒഴിഞ്ഞുമാറാൻ പാടില്ലാത്തതും പരാതിക്കാരൻ ആവശ്യപ്പെട്ട കൃത്യമായ വിവരങ്ങൾ ടിയാന് നൽകുന്നതോടൊപ്പം രേഖകളുടെ പകർപ്പ് തുക ഈടാക്കാതെ നൽകേണ്ടതുമാണ്. അതേസമയം ഹർജിക്കാരന് തൃപ്തികരമായി ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ ഒരവസരം കൂടി നൽകാനും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നതോടൊപ്പം ടിയാന് നിർണ്ണായക വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള എല്ലാവിധ സഹായ സഹകരണങ്ങളും നൽകണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ കർശന നിർദ്ദേശം നൽകുന്നു. ടി ഉത്തരവ് ഒന്നാം എതിർകക്ഷി നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി ഉത്തരവിന്റെ <u>പകർപ്പ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷന് പേര് വച്ച കവറിൽ കമ്മീഷൻ സെക്രട്ടറി അയച്ചു കൊടുക്കേണ്ടതാണ്. ആയതു സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ 31.01.2023-നകം കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്.</u>

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി മാസം 12-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION